"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ.കെ.മോഹനൻപിള്ള മുതൽ പേർ ഫയൽ ചെയ്ത 517/2020 നമ്പർ ഒ.എ. യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.03.2020-ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ വകുപ്പ്

സ.ഉ.(സാധാ) നം.742/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/03/2021

---

പരാമർശം:- 1 ശ്രീ.കെ.മോഹനൻപിള്ള മുതൽ പേർ ഫയൽ ചെയ്ത 517/2020 നമ്പർ ഒ.എ. യിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.03.2020-ൽ പുറപ്പെടുവിച്ച വിധിന്യായം

2 പഞ്ചായത്ത് ഡയറക്ടറുടെ 8.9.2020 ലെ PAN/9355/2020- E8 (DP) നമ്പർ കത്ത് 05.03.2021 - ലെ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 5.3.2021 ലെ PAN/25812/2018- E11 (DP) നമ്പർ കത്ത് .

<u>ഉത്തരവ്</u>

ബഹു.ട്രിബ്യൂണൽ മുൻപാകെ ശ്രീ.കെ.മോഹനൻപിള്ള മുതൽ പേർ 517/2020 നമ്പർ ഒ.എ. ഫയൽ ചെയ്തു. പ്രസ്തുത ഒ.എ. യിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. ആയത് ചുവടെ ചേർക്കുന്നു.

"the first respondent i.e.the Principal Secretary to Government, LSGD to consider and pass appropriate orders on Annexures A10, A12 and A14 representations in accordance with law and after affording an opportunity of personal hearing to the applicants within a period of three months from the date of receipt of a certified copy of this order."

2. 23.06.2020 - ൽ പരാതിക്കാരെ ഫോൺ മുഖേന നേരിൽ കേൾക്കുകയുണ്ടായി. അന്തിമമാക്കിയ പഞ്ചായത്ത് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ അപേക്ഷകരുടെ ജൂനിയറായിട്ടുള്ളവർക്ക് സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ ,ഡെപ്യൂട്ടി ഡയറക്ടർ , ജോയിന്റ് ഡയറക്ടർ തസ്തികകളിൽ പ്രൊമോഷൻ അനുവദിച്ച തീയതികളിൽ അവർക്കും പ്രസ്തുത തസ്തികകളിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കണമെന്നതാണ് പരാതിക്കാരുടെ ആവശ്യം.

3. <u>ഒരു തസ്തികയിൽ ഒഴിവുണ്ടായിരുന്നു എന്ന കാരണത്താലോ ഒഴിവുണ്ടായിരുന്ന തീയതിയിൽ യോഗ്യതയുണ്ടായിരുന്നു എന്ന കാരണത്താലോ നോഷണൽ പ്രൊമോഷൻ അവകാശമായി കണക്കാക്കാൻ സാധിക്കില്ല . സീനിയോറിറ്റി മുൻകാല പ്രാബല്യത്തിൽ പുനഃക്രമീകരിക്കുന്ന സാഹചര്യത്തിലോ, യോഗ്യതയുള്ള സീനിയറിനെ അനർഹമായി ജൂനിയർ മറികടക്കുന്ന സാഹചര്യമുണ്ടെങ്കിൽ മാത്രമേ ജൂനിയർക്ക് പ്രൊമോഷൻ നൽകിയ തീയതി മുതൽ സീനിയർക്ക് നോഷണൽ പ്രൊമോഷന് അർഹതയുള്ളൂ.</u> സാധാരണ ഗതിയിൽ സീനിയോറിറ്റി പുനർ നിശ്ചയിച്ച് ഉത്തരവാകുമ്പോഴോ അർഹനായ സീനിയറിനെ ജൂനിയർ തെറ്റായ രീതിയിൽ

മറികടക്കുന്ന അവസരത്തിലോ കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലോ ആണ് നോഷണൽ പ്രൊമോഷൻ നൽകുന്നത് .

4. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ 01.01.1990 മുതലുള്ള സീനിയോറിറ്റി/ഗ്രഡേഷൻ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ബഹു. സുപ്രീം കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട 595/03, 596/03, 597/03, 598/03 നമ്പർ സിവിൽ അപ്പീലിന്മേൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച 24.11.2009-ലെ വിധിന്യായത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 28.07.2000 മുതൽ 17.11.2010 വരെയുള്ള സീനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി/ ഗ്രഡേഷൻ പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പട്ടികയിൽ യഥാക്രമം 244, 246, 254, 261, 262, 265 സ്ഥാനങ്ങളിലുള്ള ശ്രീ.കെ.മുരളീധരൻ, ശ്രീ.എം.എഫ്.അബ്ദുൾ ജാവേദ്, ശ്രീ.എ.എം.മൂസാൻ, ശ്രീ.കെ.എൻ മുരളീധരൻ, ശ്രീ.എസ്. പ്രകാശ്, ശ്രീ.കെ.സുദർശൻ, ശ്രീ.എൻ. ഗോപകുമാർ എന്നിവർക്ക് 2012 വർഷത്തിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ഹയർ) അർഹത നേടുകയും, 25.06.2012-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1735/2012/തസ്വഭവ 27.11.2012-തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.ടി) 3246/2012/തസ്വഭവ പ്രകാരവും അസിസ്റ്റന്റ് ഡയറക്ടറായി പ്രൊമോഷൻ ലഭിക്കുകയും ചെയ്തത് എന്നു കാണുന്നു. 09.11.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ8-28/2010 നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ സ്ഥാനക്കയറ്റം ശ്രീ.കെ.മുരളിധരൻ (749), ശ്രീ.എം.എഫ് അബ്ദുൾ ജാവേദ് (751), ശ്രീ.എ.എം.മൂസാൻ (762), ശ്രീ.കെ.എൻ മുരളീധരൻ (778). ശ്രീ.എസ് പ്രകാശ് (779), ശ്രീ.കെ.സുദർശൻ (784) എന്നിവയാണ്. തുടർന്ന് 2013 വർഷത്തിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ഹയർ) സീനിയോറിറ്റി പട്ടികയിൽ 264-ആം സ്ഥാനത്തുള്ള ശ്രീമതി.കെ.ആർ.പ്രഭയ്ക്കും, 268-ആം സ്ഥാനത്തുള്ള ശ്രീ.എൻ ഗോപകുമാറിനും 30.05.2013 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി) 1413/2013/തസ്വഭവ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലും പ്രൊമോഷൻ ലഭിക്കുകയും ചെയ്തു. 09.11.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ8-28/2010 നമ്പർ ഉത്തരവ് പ്രകാരം ഇവരുടെ സ്ഥാനം യഥാക്രമം 789, 787 എന്നിവയാണ്. 09.11.2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ8-28/2010 നമ്പർ ഉത്തരവ് പ്രകാരം അപേക്ഷകരുടെ സ്ഥാനം ശ്രീ.ടി.എസ് സുഭാഷ് (869), ശ്രീ.വി.നൗഷാദ് അലി (871), ശ്രീ.കെ.സോമൻ (894), ശ്രീ.കെ.മോഹനൻ പിള്ള (933) ഇപ്രകാരമായിരുന്നു. ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച 24.11.2009-ലെ വിധിന്യായത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 28.07.2000 മുതൽ 17.11.2010 വരെയുള്ള സീനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി/ഗ്രഡേഷൻ പട്ടിക അടിസ്ഥാനമാക്കി എടുത്ത് സ്ഥാനക്കയറ്റം നല്കിയതിലാണ് അപേക്ഷകർക്ക് സ്ഥാനക്കയറ്റം ലഭിക്കാതിരുന്നത്. 2014-ലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സീനിയോറിറ്റി സർക്കാർ ഉത്തരവ് പ്രകാരം പുനർക്രമീകരിക്കാതിരുന്നതിനാൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിരുന്നില്ല.

5. പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പട്ടികകൾ സംബന്ധിച്ച വിവിധ ഹർജികൾ കോടതികളിൽ സമർപ്പിക്കുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ടി.എ.171/2013 ഉത്തരവ് പ്രകാരം 01.01.1990 മുതലുള്ള മുഴുവൻ സീനിയോറിറ്റി പട്ടികയും റദ്ദാക്കുകയും, ബഹു.സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ച് 24.10.2017-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ8-12264/2017 (5) നമ്പർ ഉത്തരവ് പ്രകാരം വിവിധ കേഡറുകളിലായി പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടിക പ്രകാരം സീനിയോറിറ്റി സ്ഥാനങ്ങളിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. 2012, 2013, 2014 വർഷങ്ങളിൽ അന്ന് നിലനിന്നിരുന്ന സീനിയോറിറ്റി പട്ടിക പ്രകാരം വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ) യോഗ തീരുമാനം അനുസരിച്ച് പ്രൊമോഷൻ നൽകിയിരുന്നു. സീനിയോറിറ്റി തർക്കങ്ങൾ നിലനിന്നിരുന്നതിനാൽ 2014-ന് ശേഷം 2018 വർഷത്തിലാണ് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിൻറ് ഡയറക്ടർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നടക്കുന്നത്. 2017-ൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി പട്ടിക അനുസരിച്ച് ഹർജിക്കാർ വിരമിക്കുന്ന തീയതിയ്ക്ക് മുൻപ് ജൂനിയർ ആയിട്ടുള്ളവർക്ക് പ്രൊമോഷൻ ലഭിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഹർജിക്കാരായ ശ്രീ.ടി.എസ് സുഭാഷ്,

ശ്രീ.വി.നൗഷാദ് അലി, ശ്രീ.കെ.സോമൻ, ശ്രീ.കെ. മോഹനൻ പിള്ള എന്നിവർ നിലവിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതായും സൂചിപ്പിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി പട്ടിക സംബന്ധിച്ച നിരവധി പരാതികൾ വകുപ്പ് തലത്തിലും സർക്കാർ തലത്തിലും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതിനും കൂടാതെ ബഹു.സുപ്രീം കോടതി അടക്കമുള്ള വിവിധ കോടതികൾ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി സ.ഉ.(സാധാ) നമ്പർ 684/2021/ത.സ്വ.ഭ.വ തീയതി 10/3/2021 പ്രകാരം ഒരു സീനിയോറിറ്റി അപഗ്രഥന സെൽ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

6. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) ലെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും അപേക്ഷകരുടേത് സീനിയോറിറ്റി പുനഃക്രമീകരിച്ചത് കാരണം സ്ഥാനക്കയറ്റങ്ങൾ ലഭിക്കാതിരുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് എന്ന് വ്യക്തമാകുന്നു. സീനിയോറിറ്റി പട്ടികയ്ക്കെതിരെയുള്ള പരാതിക്കാരുടെ ആക്ഷേപങ്ങളെ കുറിച്ചും, സീനിയോറിറ്റി പട്ടികയിൽ ബഹു.സുപ്രീം കോടതി ഉൾപ്പടെയുള്ള വിവിധ കോടതികളിൽ നിന്നുള്ള വിധിന്യായങ്ങളിലെ നിബന്ധനകൾ പാലിച്ചും തദനുസരണമായി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ചും വിശദമായി പരിശോധിക്കുവാനും സർക്കാരിൽ ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകാനും 10.03.2021 - ലെ സ.ഉ.(സാധാ) 684/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി കൺവീനറായുള്ള നാലംഗ സീനിയോറിറ്റി അപഗ്രഥന സെൽ രൂപീകരിച്ചിട്ടുണ്ട്.

7. ഇക്കാര്യം പരിശോധിച്ചതിൽ ബഹു. സുപ്രീം കോടതി മുൻപാകെ സമർപ്പിക്കപ്പെട്ട 595/03, 596/03, 597/03, 598/03 നമ്പർ സിവിൽ അപ്പീലിന്മേൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച 24.11.2009-ലെ വിധിന്യായത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ 28.07.2000 മുതൽ 17.11.2010 വരെയുള്ള സീനിയർ സൂപ്രണ്ട് തസ്തികയുടെ സീനിയോറിറ്റി/ ഗ്രഡേഷൻ പട്ടികയിൽ യഥാക്രമം 244, 246, 254, 261, 262, 265 സ്ഥാനങ്ങളിലുള്ള ശ്രീ.കെ.മുരളീധരൻ, ശ്രീ.എം.എഫ്.അബ്ദുൾ ജാവേദ്, ശ്രീ.എ.എം.മുസാൻ, ശ്രീ.കെ.എൻ മുരളീധരൻ, ശ്രീ.എസ്. പ്രകാശ്, ശ്രീ.കെ.സുദർശൻ, ശ്രീ.എൻ. ഗോപകുമാർ എന്നിവർക്ക് 2012 വർഷത്തിലെ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയിൽ (ഹയർ) ഉദ്യോഗക്കയറ്റത്തിന് അർഹത നേടിയതായി കാണുന്നത്. നിലവിലുള്ള സീനിയോറിറ്റി പട്ടികയ്ക്കെതിരെ നിരവധി പരാതികൾ ഉയർന്ന സാഹചര്യത്തിൽ പരാതിക്കാരുടെ ആക്ഷേപങ്ങളെ കുറിച്ചും, സീനിയോറിറ്റി പട്ടികയിൽ ബഹു.സുപ്രീം കോടതി ഉൾപ്പടെയുള്ള വിവിധ കോടതികളിൽ നിന്നുള്ള വിധിന്യായങ്ങളിലെ നിബന്ധനകൾ പാലിച്ചും തദനുസരണമായി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ചും വിശദമായി പരിശോധിക്കുവാനും സർക്കാരിൽ ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകാനും തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി കൺവീനറായുള്ള നാലംഗ സീനിയോറിറ്റി അപഗ്രഥന സെൽ രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മേൽ പരാമർശിത സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ പരാതിക്കാർക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കുന്നത് കൂടുതൽ നിയമ വ്യവഹാരങ്ങൾക്ക് വഴിയൊരുക്കാൻ കാരണമാകാൻ സാധ്യതയുണ്ട് എന്നതിനാൽ പ്രസ്തുത ആവശ്യം പരിഗണനാർഹമല്ല. ആയതിനാൽ പരാതിക്കാരുടെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

8. അപ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാതിക്കാർക്ക് ഈ വിഷയത്തിൽ സീനിയോറിറ്റി സംബന്ധമായ തർക്കങ്ങൾ ഉള്ള പക്ഷം, കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആയതിന്റെ സാധുത പരിശോധിക്കുന്നതിന് സീനിയോറിറ്റി അപഗ്രഥന സെൽ മുമ്പാകെ അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാതൃൂ**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ.ടി.എസ്.സുഭാഷ്, സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ (Hr.Gr.)(റിട്ട.), നിർമാല്യം, ടി.സി.1128(1), ക്ലര 34E, വേട്ടമുക്ക്, വട്ടിയൂർക്കാവ്, തിരുവനന്തപുരം - 695013
2. ശ്രീ.വി.നൗഷാദ് അലി, സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ (Hr.Gr.)(റിട്ട.), വാരിക്കോടൻ ഹൌസ്, ചാരംകുളം, ചന്തക്കുന്ന്, നിലമ്പൂർ, മലപ്പുറം - 679329
3. ശ്രീ.കെ.മോഹനൻ പിള്ള, സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ (Hr.Gr.)(റിട്ട.), ഗൗരി സങ്കരം, 101A, മില്ലേനിയം നഗർ, കന്നിമേൽചേരി, കണവനാട്, കൊല്ലം - 691003
4. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം , തിരുവനന്തപുരം /തൃശ്ശൂർ
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (18.12.2020 - ലെ ADV-B2/124/2020/PandARD നമ്പർ യു.ഒ. റിമാർക്ക് പ്രകാരം)
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ